വികസനങ്ങൾ ചെയ്യേണ്ടതുണ്ട്. അതിനായി ഈ സ്ഥലം ഉപയോഗിക്കേണ്ടതുണ്ട്. കൂടാതെ 51 സ്ഥലത്തിന്റെ ലൊക്കേഷൻ എച്ച്.വി.ഡി.സി. സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യവുമല്ല.

(എഫ്) പവർഗ്രിഡ് കോർപ്പറേഷൻ വിശദമായ പഠനത്തിനും പ്രസ്തുത പ്രദേശത്തെ മറ്റ് ഭൂമികളുടെ അനുയോജ്യത കൂടി പരിശോധിച്ചതിനും ശേഷമാണ് മേൽസൂചിപ്പിച്ച ഭൂമി കണ്ടെത്തിയിട്ടുള്ളത്.

ചടയമംഗലം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ആഫീസുകൾ

44 (4626) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011 ജൂൺ മുതൽ 2015 ജൂൺ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി. പുതിയ ആഫീസുകൾ ആരംഭിക്കുകയോ നിലവിലുണ്ടായിരുന്നവ വികസിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

ഉണ്ട്. ചടയമംഗലത്ത് 2011 ഒക്ടോബർ മാസം മുതൽ പുതുതായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

45 (4627) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) ഇത് എപ്പോഴെല്ലാമാണ് ;

(സി) ഓരോ തവണയിലെയും വർദ്ധനവിലൂടെ കെ.എസ്.ഇ.ബി.-ക്ക് ലഭിച്ച വാർഷിക അധിക വരുമാനം എത്രയാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) 3 പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ, 1-7-2012 മുതലും 2013-14 സാമ്പത്തിക വർഷത്തിൽ, 1-5-2013 മുതലും 2014-15 സാമ്പത്തിക വർഷത്തിൽ, 16-8-2014 മുതലുമാണ് വൈദ്യുതി ചാർജ്ജ് പരിഷ്കരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2012-13-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 1257 കോടി രൂപയുടെയും, 2013-14-ൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ ഏകദേശം 600 കോടി രൂപയുടെയും അധികവരുമാനം ഉണ്ടായിട്ടുണ്ട്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി സെക്ഷൻ ഓഫീസ്

46 (4628) <u>ശ്രീ. എം. ചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതാണെന്നു വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ & ബി) ആലത്തൂർ ഇലക്ട്രിക്കൽ ഡിവിഷനു കീഴിലുള്ള കിഴക്കഞ്ചേരി, മുടപ്പല്ലൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് മംഗലം ഡാം ആസ്ഥാനമായി പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിരുന്നു.

(സി) പ്രസ്തുത നിർദ്ദേശം വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കിഴക്കഞ്ചേരി, മുടപ്പല്ലൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പമ്പുകൾ നടപ്പിലാക്കുന്നതിൽ കാലതാമസം

47 (4629) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനെർട്ടിന്റെ മുമതലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് കാലതാമസംനേരിടുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം കാലതാമസം വരുത്തുന്ന വിഷയങ്ങളിൽ അനെർട്ടിന്റെ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly